**Deepika**

**16 July 2018**

**Aluva, Manappuram, Heavy Rain, Flood**

# മണപ്പുറത്തും ശിവക്ഷേത്രത്തിലും വെള്ളം കയറി

**ആലുവ:** മഴ ശക്തമായതോടെ ആലുവ ശിവരാത്രി മണപ്പുറത്തും മഹാദേവ ക്ഷേത്രത്തിലും വെള്ളം കയറി. ഈ മഴക്കാലത്ത് ഇതു മൂന്നാം തവണയാണ് ക്ഷേത്രത്തിൽ വെള്ളം കയറുന്നത്. മണപ്പുറത്ത് വെള്ളം ഉയർന്നതു കാണാൻ അവധി ദിനമായ ഇന്നലെ നിരവധി പേരാണ് ഇവിടെയെത്തിയത്.

പെരിയാർ കരകവിഞ്ഞ് ഒഴുകി പ്രകൃതി ഒരുക്കുന്ന ആറാട്ടാണ് മണപ്പുറത്തെ പ്രതിഷ്ഠയായ തേവരുടെ പ്രത്യേകത. ജലനിരപ്പ് ഉയർന്ന് ക്ഷേത്രത്തിലെ ശിവലിംഗം മുങ്ങുമ്പോഴാണ് ഇവിടെ ആറാട്ട് നടക്കുന്നത്. ഒരു മാസം മുമ്പ് ഉണ്ടായ കനത്ത മഴയിൽ ജലനിരപ്പ് ഉയർന്നെങ്കിലും ശിവലിംഗം മുങ്ങുന്നതിന് ഒരടിയോളം കുറവുണ്ടായതിനാൽ ആറാട്ടുത്സവം നടന്നില്ല.